നാടൻ മാവിനങ്ങൾ സംരക്ഷിക്കുന്ന യജ്ഞത്തിൽ

കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

Malayala Manorama-29/05/2018\P-18

# തിരിച്ചുവരുന്നു, നാടൻ മാവിനങ്ങൾ

നാടൻ മാവിനങ്ങളിൽ ഗുണമേന്മയുള്ളവ കണ്ടെത്തി ഇതിന്റെ ഒട്ടു തൈകൾ ഉൽപാദിപ്പിച്ചു വിതരണം ചെയ്യാൻ കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം. 2010 മുതൽ ഗവേഷണ കേന്ദ്രം നടത്തിയ സർവേയുടെ ഫലമായി മികച്ച 16 നാടൻ ഇനങ്ങളാണു കണ്ടെത്തിയത്. പലതും വിപണിയിൽ ഇപ്പോൾ ലഭിക്കുന്ന മുന്തിയ ഇനങ്ങളെക്കാൾ ഗുണമേൻമയും കീടരോഗ പ്രതിരോധ ശേഷിയുമുള്ളതാണെന്നും കണ്ടെത്തിയിരുന്നു.

ഇവയിൽ പള്ളിക്കൂട്ടമ്മ, പോളച്ചിറ, തേന്മാവ്, കുമരകം സിലക്ഷൻ, കൈനടി നാട്ടിനം എന്നീ തൈകളാണ് ആദ്യ ഘട്ടത്തിൽ ഗവേഷണ കേന്ദ്രത്തിൽ നിന്നു വിതരണം ചെയ്യുന്നത്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ഈ തൈകൾ കർഷകരിൽ എത്തിക്കുമെന്നു മുഖ്യ ഗവേഷക ഡോ. അനു ജി. കൃഷ്ണൻ പറഞ്ഞു.

കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ 33 പഞ്ചായത്തുകളിൽ നടത്തിയ സർവേയിൽ നാട്ടുമാവുകളുടെ കായ്കളിൽ വലുപ്പത്തിലും ഗുണത്തിലും വൈവിധ്യം കണ്ടെത്തി. ഇവയിൽ നിന്നു പാകമായ കായ്കൾ ശേഖരിച്ചു പഴുപ്പിച്ചു ഗുണമേന്മ സംബന്ധിച്ചുള്ള പഠനങ്ങൾക്കു വിധേയമാക്കിയപ്പോഴാണ് 16 മാവിനങ്ങൾ നല്ല ഗുണമേന്മയുള്ളതായി കണ്ടെത്തിയത്.

ഈ ഇനങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തരം തരിച്ചു സംരക്ഷിച്ചു വരികയാണ്. ഇവയുടെ ഒട്ടുതൈകൾ ഉൽപാദിപ്പിച്ചാണ് ഗവേഷണ കേന്ദ്രത്തിൽ നിന്നു വിതരണം ചെയ്യുന്നത്.

കുമരകത്തുനിന്നു ലഭിച്ച പോളച്ചിറ, കുമരകം സിലക്ഷൻ, ആലപ്പുഴ ജില്ലയിലെ കൈനടിയിൽ നിന്നു ലഭിച്ച കറുത്ത പേരയ്ക്ക, തേന്മാവ് എന്നിവ വാണിജ്യ പ്രാധാന്യമുള്ള അൽഫോൻസ്, നീലം, കാലപ്പാടി എന്നിവയുടെ ഒപ്പം മാധുര്യം പ്രകടിപ്പിക്കുന്നതാണ്. ആലപ്പുഴയിലെ പള്ളിക്കൂട്ടുമ്മയിൽ നിന്നു കണ്ടെത്തിയ രണ്ട് ഇനങ്ങൾ വർഷം മുഴുവൻ കായ്ഫലം നൽകുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. നാടൻ മാവിനങ്ങളുടെ മാമ്പഴങ്ങൾക്ക് വലുപ്പം കുറവാണെങ്കിലും സ്വാദിലും മാധുര്യത്തിലും മുന്നിട്ടു നിൽക്കുന്നതാണെന്നു അസോഷ്യേറ്റ് ഡയറക്ടർ കെ.ഗീത പറഞ്ഞു.



കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ പുരയിടത്തിൽ കായ്ച്ചുകിടക്കുന്ന പള്ളിക്കൂട്ടുമ്മ ഇനം നാടൻ മാവ്

• ടി.ഡി. ബൈജു